ഉത്തരം

(എ) ഇതിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല.

(ബി) മതിപ്പു ചെലവ് 400 ലക്ഷം രൂപയാണ്. എൽ.ഐ.സി-യിൽ നിന്ന് സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നില്ല.

(സി) സോയിൽ ടെസ്റ്റ് നടത്തിക്കഴിഞ്ഞു. ടെണ്ടർ ചെയ്യുന്നതിനാവശ്യമായ NIT തയ്യാറാക്കി അംഗീകരിച്ചു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടെണ്ടർ ചെയ്യാനാകും.

(ഡി) ഫണ്ട് ലഭ്യമായാൽ മാത്രമേ ഈ പദ്ധതി ഏറ്റെടുക്കാനാവൂ.

അംബേദ്ക്കർ മോഡൽ റസിഡൻഷ്യൽ സ്ക്കൂളിലെ കുടിവെള്ളക്ഷാമം

64 [T2535] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കട്ടേല അംബേദ്ക്കർ പട്ടികജാതി കോളനി, അംബദ്ക്കർ മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമായതിനാൽ മൺവിളയിൽ നിന്നും ഒരു പുതിയ പൈപ്പ് ലൈൻ അവിടേയ്ക്കു നീട്ടുന്നതിനായി ഇരുപത്തിയേഴ് ലക്ഷം രൂപയുടെ പദ്ധതിയുടെ രൂപരേഖ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം കളക്ടറേറ്റിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിൽ നിന്നും തുക ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഇരട്ടവാർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി

65 [2536] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഇരട്ടവാർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർമ്മാണത്തിനായി ഇതുവരെ എത്ര തുക ചെലവായി എന്നും നിർമ്മാണത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്ത് കുടിവെള്ളവിതരണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഭാഗമായി ഇരട്ടയാർ, കൽകൂന്തൽ പദ്ധതി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ട് മൂന്നു വർഷം കഴിഞ്ഞു.

(സി) ഈ പദ്ധതിയുടെ അടങ്കൽ തുക 731.00 ലക്ഷം രൂപയും ഇതുവരെയുള്ള ചെലവ് 115.12 ലക്ഷം രൂപയുമാണ്.

(ഡി) പ്രസ്തുത പദ്ധതിയിലെ കിണർ, പമ്പ് ഹൗസ്, ടാങ്കുകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി. സെഡിമെന്റേഷൻ ടാങ്കിന്റേയും ബൂസ്റ്റിംഗ് ടാങ്കിന്റേയും നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്. പൈപ്പു ലൈനുകളുടെ എസ്റ്റിമേറ്റ് പുതിയ നിരക്കിലാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ പദ്ധതി 2006 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കോട്ടയം മെഡിക്കൽ കോളേജിലെ ശുദ്ധജലവിതരണം

66 [2537] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിലെ ദ്രവമാലിന്യങ്ങൾ സമീപപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളേയും മറ്റ് ജലസ്രോതസ്സുകളേയും മാലിന്യപൂരിതമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly